ക്കുന്നതിനുമായി തൊഴിലാളികൾ, സംഘടനാ ഭാരവാഹികൾ, ബോർഡംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത സമ്മേളനം നടത്തിവരുന്നു.

2) ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്ത കർഷകത്തൊഴിലാളികളെ അംഗങ്ങളാക്കുന്നതിനുവേണ്ടി വാർത്താമാധ്യമങ്ങളിൽ അറിയിപ്പു നൽകിയിട്ടുണ്ട്.

3) ക്ഷേമനിധി ആഫീസിലെ ജോലിഭാരം ലഘൂകരിക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ആക്കുന്നതിനായി കംപ്യൂട്ടർ സ്ഥാപിക്കുന്നതിനു തീരുമാനിച്ച് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

4) കുടിശ്ശിക ഭൂവുടമാ വിഹിതം പിരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

5) കുടിശ്ശിക ജോലികൾ തീർക്കുന്നതിനായി 14 ഡിവിഷണൽ ഓഫീസുകളിൽ 38 എൽ.ഡി. ക്ലാർക്കുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

6) ക്ഷേമനിധികളുടെ പ്രവർത്തനം ഏകോപിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

(1884) പ്ലംബിംഗ് ലൈസൻസ് നൽകുന്നതിന് നടപടി

<u>ശ്രീ. ജോണി നെല്ലൂർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലംബിംഗ് ലൈസൻസ് നൽകുന്നത് പുനരാരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എല്ലാ വർഷവും പുതിയ പ്ലംബിംഗ് ലൈസൻസുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ലൈസൻസ് പ്ലംബർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്ലംബിംഗ് ലൈസൻസ് എല്ലാ വർഷവും നൽകിവരുന്നുണ്ട്. ഇത് നിർത്തിവച്ചിട്ടില്ല.

(ബി) എല്ലാ വർഷവും പ്ലംബിംഗ് ലൈസൻസ് പരീക്ഷ നടത്തി യോഗ്യതാടിസ്ഥാനത്തിൽ പുതിയ പ്ലംബിംഗ് ലൈസൻസുകൾ നൽകുന്നുണ്ട്.

(സി) കേരളാ വാട്ടർ അതോറിറ്റിയിൽ ആകെ 2180 ലൈസൻസ് പ്ലംബർമാർ ഉണ്ട്.

(1888) വൈദ്യുതി മേഖലയിലെ നേട്ടങ്ങൾ

<u>ശ്രീ. കെ.എം. മാണി</u> :
<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> :
<u>ശ്രീ. തോമസ് ചാഴികാടൻ</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിനയം പ്രഖ്യാപിച്ചതിനുശേഷം ഈ മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്ന് വിശദീകരിക്കാമോ;

(ബി) വൈദ്യുതി ചാർജിന്റെ വർദ്ധന ചെറുകിട വ്യവസായം, പത്രവ്യവസായം തുടങ്ങിയ വിവിധ വ്യവസായ മേഖലകളെ എങ്ങനെ ബാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് സന്ദർശനം നടത്തിയ ധനകാര്യ കമ്മിഷൻ മുൻപാകെ വൈദ്യുതി മേഖലയെപ്പറ്റി സംസ്ഥാനത്തെ വ്യവസായ മന്ത്രിയും വൈദ്യുതിമന്ത്രിയും വിശദീകരണം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതിനയം പ്രഖ്യാപിച്ചതിനുശേഷമുണ്ടായ പ്രധാന നേട്ടങ്ങൾ താഴെ ചേർക്കുന്നു.

1. സംസ്ഥാന സർക്കാരിന് വായ്പ ഇനത്തിൽ വിദ്യുച്ഛക്തി ബോർഡിൽ നിന്നും ലഭിക്കാനുണ്ടായിരുന്ന തുകയും 97 മാർച്ച് 31 വരെയുള്ള പ്രസ്തുത തുകയുടെ പലിശയും 'ഗവൺമെന്റ് ഇക്വിറ്റി' ആക്കി മാറ്റിയതു കൊണ്ട് സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ സാമ്പത്തികമേഖല ശക്തിപ്പെടുത്തുകയും തദ്വാരാ വൈദ്യുതി മേഖലയുടെ വികസനത്തിന് ആവശ്യമായ ധനം സ്വരൂപിക്കാനും കഴിയുന്നുണ്ട്.

2. വൈദ്യുതിനയത്തിൽ പ്രഖ്യാപിച്ചിരുന്നതുപോലെ 2000 ആണ്ടിൽ വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നതിനുവേണ്ടി എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ഈ സർക്കാർ വന്നതിനു ശേഷം സ്ഥാപിതശേഷിയിൽ 875.5 മെഗാവാട്ട് വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. പ്രസരണ ശൃംഖല ശക്തിപ്പെടുന്നതിന്റെ ഭാഗമായി 800 കോടി രൂപയുടെ പദ്ധതി(33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം അടക്കമുള്ളത്) ആസൂത്രണം ചെയ്ത് 2000-ാം ആണ്ടിലും 2001-ാം ആണ്ടിലുമായി ചെയ്തു തീർക്കുന്നതിലേക്കുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

4. കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചതിന്റെ ഫലമായി കഴിഞ്ഞ മൂന്നു വർഷങ്ങളിലായി 11.5 ലക്ഷത്തിൽപ്പരം കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വൈദ്യുതി ഉൽപ്പാദനച്ചെലവിൽ വന്ന വർദ്ധനവുമൂലമാണ് വൈദ്യുതി ചാർജ് മൊത്തത്തിൽ വർദ്ധിപ്പിക്കേണ്ടി വന്നത് . ഇത് ഒരു വിഭാഗത്തെ മാത്രം പ്രത്യേകിച്ച് പ്രതികൂലമായി ബാധിക്കുന്നില്ല. താരിഫ് വർദ്ധനവിനുശേഷവും തെക്കേ ഇൻഡ്യയിൽ കുറഞ്ഞ നിരക്കാണ് ഈ സംസ്ഥാനത്ത് വസൂലാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ വൈദ്യുതി ഉൾപ്പെടെയുള്ള എല്ലാ മേഖലകളേയും സംബന്ധിച്ച പ്രശ്നങ്ങൾ മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും ധനകാര്യ കമ്മിഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(1891) 33 കെ.വി. ലൈൻ ശൃംഖല

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഒട്ടുക്ക് 33 കെ.വി.ലൈൻ ശൃംഖല ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ വൈദ്യുതി പ്രസരണ വിതരണ രംഗത്ത് എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഏജൻസിയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇതിനായി കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്)എങ്കിൽ എവിടെയെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി പ്രസരണ രംഗത്ത് കുറഞ്ഞ ചിലവിൽ മെച്ചപ്പെട്ട വോൾട്ടേജിലുള്ള വൈദ്യുതി ലഭ്യമാക്കുവാനും പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുവാനും സാധിക്കും.

(സി) ഉണ്ട്. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, കേരള പവർ ഫിനാൻസ് കോർപ്പറേഷൻ എന്നീ ഏജൻസികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്.

1) തൊണ്ണൂറ്റി അഞ്ച് 33 കെ.വി. സബ്സ്റ്റേഷനുകളുടെയും ബന്ധപ്പെട്ട ഒൻപത് 110 കെ.വി. സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും പണികൾക്കായി ആർ.ഇ.സി.യിൽ നിന്ന് 456 കോടി രൂപ വായ്പയ്ക്കുള്ള കരാർ നിലവിലുണ്ട്.

2) ഏഴ് 33 കെ.വി. സബ്സ്റ്റേഷനുകളുടെയും ബന്ധപ്പെട്ട രണ്ട് 110 കെ.വി. സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും പണികൾക്കായി കേരള പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്ന് 41.6 കോടി രൂപ വായ്പയ്ക്കുള്ള കരാർ നിലവിലുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സബ്സ്റ്റേഷനുകളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly